പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1031 | 14-10-2026-ൽ മറുപടിയ്ക്ക്

<u>വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വി. ജോയി | ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വള്ളവും വലയും നഷ്ടപ്പെട്ട എത്ര മത്സ്യത്തൊഴിലാളികളുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 17 |
| 2 | കൊല്ലം | 21 |
| 3 | ആലപ്പുഴ | 4 |
| 4 | എറണാകുളം | 4 |
| 5 | തൃശ്ശൂർ | 0 |
| 6 | മലപ്പുറം | 8 |
| 7 | കോഴിക്കോട് | 9 |
| 8 | കണ്ണൂർ | 1 |
| 9 | കാസർഗോഡ് | 1 |
| | **ആകെ** | **65** |

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്രകാരമുള്ള എത്ര മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നഷ്ടപരിഹാരം അനുവദിക്കുന്നത് റവന്യൂ വകുപ്പ് മുഖേനയായതിനാൽ, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അപകടത്തിന്റെ വിശദാംശങ്ങളും നഷ്ടപരിഹാരത്തുകയുടെ കണക്കുകൂട്ടലും ഉൾപ്പെടുത്തിയ

വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ നിന്ന് ലഭ്യമാക്കുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചശേഷം, നഷ്ടപരിഹാരം ലഭിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് അപകടത്തിൽപ്പെട്ട മത്സ്യബന്ധന യാനങ്ങളുടെ ഉടമകൾക്ക് വകുപ്പ് നേരിട്ടോ ജില്ലാ ഓഫീസർ മുഖേനയോ നിർദേശം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**